പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 756 02.12.2015 ൽ മറുപടി പറയേണ്ടത്

**ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകളുടെ ശേഖരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽ നിന്നും ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് ആരാണ്;<br>(ബി) ഈ ജോലിക്കായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) യും (ബി) യും<br>മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽ നിന്നും ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് സ്റ്റാഫ് നഴ്സുമാരുടെ ജോലിയും ഉത്തരവാദിത്വവുമാണ്. ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ